**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3960** **09-10-2025 - ൽ മറുപടിയ്ക്ക്**

## എ-ഹെൽപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. രാജ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ഉദ്യോഗസ്ഥ സംവിധാനത്തോട് അടുത്ത ബന്ധം സ്ഥാപിക്കുവാനും പരമാവധി സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി എ-ഹെൽപ്പ് എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇത് എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | **ഉണ്ട്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ എ-ഹെൽപ്പ് പദ്ധതിയിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീ ട്ടുപടിക്കലെത്തിക്കുന്നതിനും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയിൽ മൃഗാരോഗ്യവും, കന്നുകാലികളിൽ നിന്നുള്ള ഉല്പാദനവും, വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അംഗീകൃത ഏജന്റായി പ്രവർത്തിക്കുന്നതിനാണ് എ-ഹെൽപ്പുകളുടെ സേവനം പ്രൻസസിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മിഷനിൽ നിന്നും പരിശീലനം ലഭിച്ച പശു സഖി, എ -ഹെല്പ് പ്രവർത്തകരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട് .യോജനപ്പെടുത്തുന്നത്. ഇരുപത്തിയൊന്നാം ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മിഷനിൽ നിന്നും പരിശീലനം ലഭിച്ച പശു സഖി, എ -ഹെല്പ് പ്രവർത്തകരുടെ സേവനം വിനിയോഗിച്ചിട്ടുണ്ട് .** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക കർമ്മസേനയ്ക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇവർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഏതൊക്കെ | (ബി) | ഉണ്ട്.<br><br>പ്രത്യേക കർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്. എ-ഹെൽപ്പ് |

| | | | |
|---|---|---|---|
| | വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്; വിശദമാക്കാമോ; | | പദ്ധതിയുടെ ഭാഗമായി എ-ഹെൽപ്പ് എന്ന പേരിൽ 438 പശു സഖിമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളും രോഗപ്രതിരോധ ചികിത്സാ മാർഗ്ഗങ്ങളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള കർമ്മസേനയായി ഇവർ പ്രവർത്തിക്കുകയും ചെയ്യുന്നു. മൃഗാരോഗ്യ സംരക്ഷണം, കന്നുകാലികളുടെ രോഗപ്രതിരോധം, തീറ്റ പരിപാലനം, ശുദ്ധമായ പാലുൽപ്പാദനം,പുൽകൃഷി, പ്രഥമ ശുശ്രൂഷ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ, കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനും, ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഒരുക്കൽ, രോഗപ്രതിരോധ കുത്തിവയ്പ്പിനു വേണ്ട സഹായം നൽകൽ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയിൽ എ-ഹെൽപ്പ്മാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | കർഷകർക്ക് പ്രസ്തുത കർമ്മസേനാംഗങ്ങളുടെ സേവനം ഏതെല്ലാം തരത്തിലാണ് പ്രയോജനപ്പെടുന്നത്; വിശദമാക്കാമോ? | (സി) | മൃഗസംരക്ഷണ മേഖലയിൽ ഉപയോഗിക്കാനാകുന്ന പ്രവർത്തനങ്ങൾ.<br><br>1. കന്നുകുട്ടി പരിപാലന പദ്ധതി പരിഷ്കരിക്കുന്ന വേളയിൽ നിശ്ചിത കാലയളവിലെ കന്നുകുട്ടിയുടെ പരിശോധന.<br><br>2. ഫീൽഡ് തലത്തിൽ വിവിധ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഡാറ്റാ കളക്ഷനും അതുപോലെ പ്രതിരോധ പ്രവർത്തനങ്ങൾക്കും കുളമ്പ് രോഗ വാക്സിനേഷൻ, റാബീസ് വാക്സിനേഷൻ മുതലായവയുടെ ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക്<br><br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾക്ക്.<br><br>4. റേഷൻ ബാലൻസിംഗ്, ശുദ്ധമായ പാലുൽപാദനം,ആന്റി മൈക്രോബിയൻ റെസിസ്റ്റൻസ് (എ.എം.ആർ) എന്നിവയുടെ ബോധവൽക്കരണം.<br><br>5. ബാങ്കിംഗ് (Kissan credit card) ലോൺ, കന്നുകാലി ഇൻഷ്വറൻസ് എന്നീ പ്രവർത്തനങ്ങൾക്കുള്ള ബോധവത്ക്കരണവും, സൗകര്യം ഒരുക്കി കൊടുക്കുകയും ചെയ്യുക.<br><br>6. വ്യാജ ചികിത്സ തടയുന്നതിനും, തെറ്റായ പ്രവർത്തനങ്ങൾക്ക് ബോധവൽക്കരണത്തിലൂടെ |

| | | | |
|---|---|---|---|
| | | | ശരിയായ മാർഗ്ഗം പ്രാവർത്തികമാക്കുന്നതിന്.<br><br>7. മാസ്സ് കള്ളിംഗ് ( Mass culling) പ്രവർത്തനങ്ങളിൽ ദ്രുതകർമ്മ സേനയുടെ ഭാഗമാക്കുന്നതിനും അതിനാവശ്യമായ ഡാറ്റ എപ്പോഴും ലഭ്യമാക്കുന്നതിനും. |

സെക്ഷൻ ഓഫീസർ